# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2078

18.06.2013 ൽ മറുപടിയ്ക്ക്

## ആശ്വാസ് - 2012 പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ആശ്വാസ്-2012 പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) 2012 ജൂലൈ ഒന്നു മുതൽ ആഗസ്റ്റ് 31 വരെയുള്ള 62 ദിവസ കാലയളവിൽ ആശ്വാസ് 2012 പദ്ധതി നിലവിലുണ്ടായിരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) കുടിശ്ശിക ഇല്ലാത്ത സഹകരണ വായ്പാ സംഘങ്ങൾ എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) സംസ്ഥാനത്തെ സഹകരണ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ 10 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ, വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശതുകയും മുതലും ഈടാക്കി പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് മറ്റ് ചാർജ്ജുകൾ എന്നിവ പൂർണ്ണമായി ഒഴിവാക്കിയും ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസുകൾ സംഘം ഒടുക്കിയിട്ടുണ്ടെങ്കിൽ അതും ഈടാക്കി വായ്പാ |

| | | |
|---|---|---|
| | | കണക്ക് അവസാനിപ്പിക്കുവാൻ വ്യവസ്ഥ ചെയ്തിരുന്നു.<br><br>10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പയെടുക്കുമ്പോൾ ഉള്ള പലിശ നിരക്കോ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും ടി പലിശ തുകയുടെ 5% ൽ അധികരിക്കാതെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനൊപ്പം ഈടാക്കി പിഴപ്പലിശയും മറ്റിനം ചെലവുകളും പൂർണ്ണമായും ഒഴിവാക്കി ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസുകൾ സംഘം അടച്ചിട്ടുണ്ടെങ്കിൽ ആയതും ഇടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.<br><br>മേൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പലിശ കണക്കാക്കുമ്പോൾ പലിശ മുതലിൽ അധികരിക്കാൻ പാടില്ലാത്തതാകുന്നു.<br><br>ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, വിധവകൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വികലാംഗർ, മാരകരോഗം/മാനസിക രോഗം ബാധിച്ചവർ, ഇത്തരത്തിലുള്ളവർ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ എന്നിവർ എടുത്തിട്ടുള്ള വായ്പകൾക്ക് പലിശനിരക്കിൽ ഇളവ് നൽകുന്ന തുക സംഘങ്ങൾക്ക് സർക്കാർ റീ-ഇംബേഴ്സ്മെന്റ് ചെയ്തു നൽകുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) ആശ്വാസ് 2012 പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ 24/12 നമ്പരായി 23.06.2012 ൽ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കുലർ നിർദ്ദേശങ്ങൾക്കുപരിയായി മരണപ്പെട്ടവരുടെ വായ്പകൾ, മാരകരോഗം ബാധിച്ചവർ/മാരക രോഗം ബാധിച്ചവർഉള്ള കുടുംബാംഗങ്ങൾ, വിധവകൾ, മാനസിക രോഗികൾ കുടുംബാംഗങ്ങൾ ആയിട്ടുള്ളവരും അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണയിലായിരിക്കുകയും ചെയ്യുന്നവർ തുടങ്ങിയ മാനുഷിക പരിഗണന അർഹിക്കുന്നവരുടെ വായ്പകളിന്മേൽ അധിക ഇളവുകൾ നൽകണമെന്ന് ഏതെങ്കിലും |

സംഘം/ബാങ്ക് തീരുമാനിക്കുന്ന പക്ഷം സഹകരണ വകുപ്പ് മന്ത്രി ചെയർമാനും വകുപ്പ് സെക്രട്ടറി അംഗമായും സഹകരണ സംഘം രജിസ്ട്രാർ കൺവീനറായും രൂപീകരിച്ച സ്റ്റിയറിംഗ് കമ്മിറ്റി പ്രസ്തുത ഇളവുകൾക്ക് അംഗീകാരം നൽകുന്നതിന് സർക്കുലറിൽ വ്യവസ്ഥ ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ